**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 660** **11-06-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വിദ്യാർത്ഥികളുടെ മികവ് ഉപയോഗപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | ഉണ്ട്.<br><br>വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വിദ്യാർത്ഥികളുടെ മികവ് ഉപയോഗപ്പെടുത്തുന്നതിന് *സംരംഭങ്ങളും എ.പി.ജെ. അബ്ദുൽകലാം സാങ്കേതിക സർവ്വകലാശാലയും തമ്മിലുള്ള ലിങ്കേജ്* എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഉത്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പ വരുത്തൽ, ഉത്പാദനക്ഷമത വർദ്ധിപ്പിക്കൽ, യന്ത്രവത്കരണം, മലിനീകരണം തുടങ്ങിയ വിവിധ പ്രശ്നങ്ങൾക്ക് സാങ്കേതിക പരിഹാരം കണ്ടെത്തുന്ന തരത്തിലുള്ള ഗവേഷണം നടത്തുന്നതിന് ഈ പദ്ധതിയിലൂടെ വിദ്യാർത്ഥികൾക്ക് ഗ്രാന്റ് അനുവദിച്ചു വരുന്നു. ഇതേ സ്കീമിൽ ഇന്റേൺഷിപ്പ് നൽകുകയും ചെയ്യുന്നു. ഒരു സാമ്പത്തിക വർഷം 20 പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് മാസം 10,000/- രൂപ നിരക്കിൽ 6 മാസത്തേക്കുള്ള ഇന്റേൺഷിപ്പാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.<br><br>വ്യവസായ ഭൂമിയുടെ ദൗർലഭ്യത്തിന് പരിഹാരമായും വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വ സംസ്കാരം വളർത്തുന്നതിനുമായി സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ മേൽ നോട്ടത്തിൽ നിലവിൽ വന്നിട്ടുള്ള നൂതന പദ്ധതിയാണ് ക്യമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ. കുറഞ്ഞത് 5 ഏക്കർ ഭൂമിയുള്ള ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ-കൾ തുടങ്ങിയവയുൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഈ പദ്ധതിയ്ക്കുള്ള ഡെവലപ്പർ പെർമിറ്റിനായി അപേക്ഷ നൽകാവുന്നതാണ്. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (ബഹുനില വ്യവസായ സമുച്ചയം)-യാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ കുറഞ്ഞത് 2 ഏക്കർ ഭൂമി മതിയാകുന്നതാണ്. 30 വർഷത്തേക്കാണ് ഈ |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ഡെവലപ്പർ പെർമിറ്റ് അനുവദിച്ചു നൽകുന്നത്. |

സെക്ഷൻ ഓഫീസർ